# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 20.12.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് ഇന്ന് സമാപനം.**
   **The winter session of Parliament concludes today.**

2. **ഭീകര വിമുക്ത ജമ്മു കശ്മീർ എന്ന ലക്ഷ്യം സർക്കാർ എത്രയും വേഗം കൈവരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.**
   **Union Home Minister Amit Shah has said that Government will achieve the goal of Terror Free Jammu and Kashmir at the earliest.**

3. **ചലച്ചിത്രാസ്വാദകർക്ക് ദൃശ്യ വിസ്മയം ഒരുക്കിയ 29-ാാ മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് സമാപനം.**
   **The 29th International Film Festival of Kerala, which provided a visual treat for film lovers, concludes today in Thiruvananthapuram.**

4. **ഡൽഹിയിൽ അടുത്ത വർഷം ജനുവരി 1 മുതൽ എല്ലാത്തരം പടക്കങ്ങൾക്കും സർക്കാർ സമ്പൂർണ നിരോധനം ഏർപ്പെടുത്തി.**
   **Delhi government has announced a complete ban on all types of firecrackers in the national capital throughout the year, starting from January 1, 2025.**

5. **വനിതാ ട്വന്റി-20 ക്രിക്കറ്റിന്റെ അവസാന മത്സരത്തിൽ വെസ്റ്റിൻഡീസിനെ പരാജയപ്പെടുത്തി ഇന്ത്യ പരമ്പര സ്വന്തമാക്കി.**
   **In the women's T-20 cricket series, India beat the West Indies in the third and final match to clinch the series.**

*****************************************************************************************************

## PARLIAMENT

പാർലമെൻറിൻറെ ശീതകാല സമ്മേളനം ഇന്ന് സമാപിക്കും. കഴിഞ്ഞ മാസം 25-നാണ് സമ്മേളനം ആരംഭിച്ചത്. ഡോ. ബി.ആർ അംബേദ്കറെ കുറിച്ചുള്ള കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ പരാമർശത്തെ തുടർന്നുള്ള പ്രതിഷേധത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ സഭാ നടപടികൾ തടസ്സപ്പെട്ടിരുന്നു. പാർലമെൻറിന് പുറത്തേക്കും ഭരണ- പ്രതിപക്ഷ പ്രതിഷേധം വ്യാപിച്ചിട്ടുണ്ട്.

**********************************************************************************************************

## OM BIRLA

രാഷ്ട്രീയ പാർട്ടികളോ, പാർലമെൻറ് അംഗങ്ങളോ പാർലമെൻറ് സമുച്ചയത്തിൻറെ കവാടങ്ങൾക്ക് മുന്നിൽ ധർണയോ പ്രകടനമോ നടത്തരുതെന്ന് ലോക് സഭാ സ്പീക്കർ ഓം ബിർള കർശന നിർദ്ദേശം നൽകി. ഇന്നലെ കോൺഗ്രസ് -ബിജെപി അംഗങ്ങൾ പാർലമെൻറിന് പുറത്ത് നടത്തിയ പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിലാണ് സ്പീക്കറുടെ നിർദ്ദേശം.

**********************************************************************************************************

## DP-RAHUL FIR

ബിജെപിയുടെ പരാതിയിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ ഡൽഹി പോലീസ് എഫ്ഐആർ ഫയൽ ചെയ്തു. പാർലമെൻറിന് പുറത്ത് ഇന്നലെ നടന്ന പ്രതിഷേധത്തിനിടയിൽ രണ്ട് ബിജെപി എംപിമാർക്ക് പരിക്കേറ്റതിൻറെ പശ്ചാത്തലത്തിലാണ് ബിജെപി അംഗങ്ങൾ പോലീസിൽ പരാതി നൽകിയത്. അതെസമയം, തങ്ങളുടെ പ്രതിഷേധം തടസ്സപ്പെടുത്തിയെന്നാരോപിച്ച് കോൺഗ്രസ് നേതാക്കളും പരാതി നൽകിയിട്ടുണ്ട്.

**********************************************************************************************************

## PARIKSHA PE CHARCHA

പ്രധാനമന്ത്രി നരേന്ദ്ര മോദി നയിക്കുന്ന പരീക്ഷാ പേ ചർച്ചയുടെ എട്ടാമത് പതിപ്പ് അടുത്ത മാസം നടക്കും. പരിപാടിയിൽ പങ്കെടുക്കാൻ MyGov പോർട്ടലിൽ ജനുവരി 14 വരെ അപേക്ഷിക്കാം. പിരിമുറുക്കമില്ലാതെ അനായാസം പരീക്ഷാകാലത്തെ

നേരിടുന്നതിന് വിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷിതാക്കളെയും പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പരിപാടിയാണ് പരീക്ഷാ പേ ചർച്ച.

***************************************************************************************************

## AMIT SHAH-J K MEETING

ഭീകര വിരുദ്ധ നയത്തിന് അനുസൃതമായി, ഭീകര വിമുക്ത ജമ്മു കശ്മീർ എന്ന ലക്ഷ്യം സർക്കാർ എത്രയും വേഗം കൈവരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. നിയമസഭാ തെരഞ്ഞെടുപ്പുകളിലും ലോക്സഭാ തെരഞ്ഞെടുപ്പുകളിലും ജമ്മു കശ്മീരിലെ ജനങ്ങളുടെ അഭൂതപൂർവമായ പങ്കാളിത്തം രാജ്യത്തിൻ്റെ ജനാധിപത്യത്തിൽ അവർക്കുള്ള വിശ്വാസമാണ് തെളിയിക്കുന്നത്. ജമ്മു കശ്മീരിലെ സുരക്ഷയുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തീവ്രവാദ പ്രവർത്തനങ്ങൾ കുറയ്ക്കാൻ സുരക്ഷാസേന നടത്തുന്ന പരിശ്രമങ്ങളെയും ശ്രീ.ഷാ അഭിനന്ദിച്ചു.

***************************************************************************************************

## FOREIGN SECY MAURITIUS

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് മൗറീഷ്യസിൽ എത്തും. പ്രധാനമന്ത്രി നവീൻചന്ദ്ര രംഗൂലയുടെ നേതൃത്വത്തിൽ മൗറീഷ്യസിൽ പുതിയ സർക്കാർ രൂപീകരിച്ചതിന് ശേഷം, ഇന്ത്യയിൽ നിന്നുള്ള ഒരു ഉന്നതതല പ്രതിനിധിയുടെ ആദ്യ മൗറീഷ്യസ് സന്ദർശനമാണിത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്താൻ സന്ദർശനം വഴി ഒരുക്കുമെന്നാണ് കരുതുന്നത്.

***************************************************************************************************

## INDIA FRANCE MUSEUM – (INTRO)

യുഗ യുഗീൻ ഭാരത് നാഷണൽ മ്യൂസിയം നിർമ്മാണത്തിന് ഇന്ത്യയും ഫ്രാൻസും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര വിദേശകാര്യ മന്ത്രി ഡോ എസ് ജയ്ശങ്കറും

സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തും പങ്കെടുത്തു. അന്തർദേശീയ സഹകരണത്തിൻ്റെ ഒരു മികച്ച ഉദാഹരണമാണ് കരാറെന്ന് ശ്രീ. ജയ്ശങ്കർ പറഞ്ഞു.

**(VOICE............)**

**************************************************************************************************

**PM–CHRISTMAS**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ, കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻറെ ന്യൂഡൽഹിയിലെ വസതിയിൽ ഒരുക്കിയ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു. ആഘോഷങ്ങളിൽ പങ്കെടുത്ത, ക്രൈസ്തവ സമുദായ പ്രമുഖരുമായി പ്രധാനമന്ത്രി ആശയവിനിമയവും നടത്തി.

**************************************************************************************************

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

**************************************************************************************************

**PM – KUWAIT**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ കുവൈറ്റ് സന്ദർശനത്തിന് നാളെ തുടക്കം. കുവൈറ്റ് അമീറിൻറെ ക്ഷണ പ്രകാരമാണ് പ്രധാനമന്ത്രിയുടെ സന്ദർശനം. 43 വർഷത്തിനിടെ, ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റ് സന്ദർശിക്കുന്നത്.

**************************************************************************************************

**DELHI – FIRECRACKERS**

ഡൽഹിയിൽ 2025 ജനുവരി 1 മുതൽ എല്ലാത്തരം പടക്കങ്ങൾക്കും സർക്കാർ സമ്പൂർണ നിരോധനം പ്രഖ്യാപിച്ചു. നഗരത്തിൽ വർദ്ധിച്ചുവരുന്ന വായു മലിനീകരണത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി. പടക്കങ്ങളുടെ വിൽപ്പന, സംഭരണം, ഉപയോഗം എന്നിവ പൂർണമായും നിരോധിക്കും. 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം രാജ്യതലസ്ഥാനത്ത് പടക്കങ്ങൾക്ക് സ്ഥിരമായ നിരോധനം ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**************************************************************************************************

## IFFK - (INTRO)

ഏഴ് ദിനരാത്രങ്ങൾ തിരുവനന്തപുരം നഗരത്തെ ചലച്ചിത്രാസ്വാദകരുടെ പറുദീസയാക്കി മാറ്റിയ 29-ാ മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് സമാപനം. വൈകിട്ട് 6-ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. സംവിധായിക പായൽ കപാഡിയയ്ക്ക് 'സ്പിരിറ്റ് ഓഫ് സിനിമ അവാർഡ്", മുഖ്യമന്ത്രി സമ്മാനിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......**
**(VOICE........)**

*************************************************************************************************

## HC-LS MUMBAI SEAT

മുംബൈ നോർത്ത് - വെസ്റ്റ് മണ്ഡലത്തിൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ ശിവസേന (ഷിൻഡെ) വിഭാഗം എം.പി , രവീന്ദ്ര വൈക്കർ, നേടിയ വിജയം ബോംബെ ഹൈക്കോടതി ശരിവച്ചു. ശിവസേന - യു.ബി.ടി സ്ഥാനാർഥി അമോൽ കീർത്തികറിനെതിരെ, വൈക്കർ 48 വോട്ടിന്റെ നേരിയ വ്യത്യാസത്തിലാണ് ജയിച്ചത്. വോട്ടെണ്ണലിലെ പൊരുത്തക്കേടുകൾ ചൂണ്ടിക്കാട്ടി അമോൽ കീർത്തിക്കർ സമർപ്പിച്ച ഹർജിയിലാണ് വിധി.

*************************************************************************************************

## WOMEN S T20 CRICKET

വനിതാ ട്വന്റി -20 ക്രിക്കറ്റിൽ വെസ്റ്റിൻഡീസിനെ പരാജയപ്പെടുത്തി ഇന്ത്യ പരമ്പര സ്വന്തമാക്കി. മുംബൈയിലെ ഡി.വൈ പാട്ടീൽ സ്റ്റേഡിയത്തിൽ നടന്ന, മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ അവസാന മത്സരത്തിൽ, 60 റൺസിനാണ് വിൻഡീസ് കീഴടങ്ങിയത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, 217 റൺസ് നേടി. വനിതാ ട്വന്റി-20 യിലെ എക്കാലത്തെയും ഉയർന്ന സ്കോറാണിത്.

*************************************************************************************************

## WORLD PARA ATHLETICS

ലോക പാരാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൻറെ പന്ത്രണ്ടാം പതിപ്പിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. ഇതാദ്യമായാണ് ഇന്ത്യയിൽ ലോക പാരാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് നടക്കുന്നത്. ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ 2025 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 5 വരെയാണ് ചാമ്പ്യൻഷിപ്പ് നടക്കുക.

***********************************************************************************************

## ICC-VERDICT

2027 വരെ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ മത്സരങ്ങൾ നിഷ്പക്ഷ വേദികളിൽ നടക്കുമെന്ന് ഐ.സി.സി ഇന്ന് സ്ഥിരീകരിച്ചു. അടുത്ത വർഷം ഇന്ത്യയിൽ നടക്കുന്ന ഐ.സി.സി വനിതാ ക്രിക്കറ്റ് ലോക കപ്പ് മത്സരങ്ങൾക്കും 2026-ൽ ഇന്ത്യയും ശ്രീലങ്കയും സംയുക്തമായി സംഘടിപ്പിക്കുന്ന ഐ.സി.സി പുരുഷ T-20 ലോക കപ്പ് മത്സരങ്ങൾക്കും തീരുമാനം ബാധകമാണ്.

***********************************************************************************************

## NIGERIA

നൈജീരിയയിലെ തെക്കു പടിഞ്ഞാറൻ നഗരമായ അബാദനിൽ സ്കൂളിലെ ക്രിസ്തുമസ് ആഘോഷങ്ങൾക്കിടെ ഉണ്ടായ തിക്കിലും തിരക്കിലും 35 കുട്ടികൾ കൊല്ലപ്പെട്ടു. ആറ് പേരുടെ നില ഗുരുതരമാണെന്ന് പോലീസ് അറിയിച്ചു. പരിപാടിയ്ക്കിടെ, ഭക്ഷണവും പണവും വിതരണം ചെയ്യുന്നതിനിടയിലാണ് അപകടം ഉണ്ടായത്.

***********************************************************************************************

## UNGA VOTES-PALESTINE AID

യു.എൻ ഉൾപ്പെടെയുള്ള സംഘടനകളിൽ നിന്ന് പലസ്തീനിലേക്ക് സഹായം അനുവദിക്കാൻ ഇസ്രായേലിനുള്ള പ്രതിബദ്ധതയെ സംബന്ധിച്ച് അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ നിന്ന് അഭിപ്രായം തേടാൻ ഐക്യരാഷ്ട്ര പൊതുസഭ തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട് നോർവേ തയ്യാറാക്കിയ പ്രമേയത്തെ 137 അംഗങ്ങൾ അനുകൂലിച്ചു.

ജനുവരി അവസാനം മുതൽ പലസ്തീൻ അഭയാർഥികൾക്കായുള്ള യു.എൻ ഏജൻസിയായ U.N.R.W.A യുടെ പ്രവർത്തനങ്ങൾ നിരോധിക്കാനുള്ള ഇസ്രായേലിന്റെ തീരുമാനത്തിന്റെ പശ്ചാത്തലത്തിലാണ് പ്രമേയം കൊണ്ടുവന്നത്.

*****************************************************************************************************************

## PUTIN-UKRAINE PEACE TALKS

യുക്രൈനുമായുള്ള യുദ്ധം അവസാനിപ്പിക്കുന്ന വിഷയത്തിൽ, നിയുക്ത യു.എസ് പ്രസിഡന്റ് ട്രംപുമായി ചർച്ച നടത്താൻ തനിക്ക് തുറന്ന സമീപനമാണുള്ളതെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. യുക്രൈൻ പ്രസിഡന്റ് വൊളോദിമർ സെലെൻസ്കി ഉൾപ്പെടെ ആരുമായും ചർച്ചയ്ക്ക് തയ്യാറാണെന്നും പുടിൻ അറിയിച്ചു.

*****************************************************************************************************************

## SUPREME COURT - ELEPHANT

കേരളത്തിൽ ഉത്സവങ്ങളിലെ ആന എഴുന്നള്ളിപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതി ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സുപ്രീം കോടതി സ്റ്റേ ചെയ്തു. ഹൈക്കോടതി ഉത്തരവിനെതിരെ പാറമേക്കാവ് - തിരുവമ്പാടി ദേവസ്വങ്ങൾ സമർപ്പിച്ച ഹർജിയിലാണ് സുപ്രീംകോടതിയുടെ ഉത്തരവ്. ജസ്റ്റിസുമാരായ ബി വി നാഗരത്ന, എൻ.കെ സിംഗ് എന്നിവരടങ്ങിയ ബഞ്ചിൻ്റേതാണ് വിധി. ഹൈക്കോടതിയുടെ ഉത്തരവ് പ്രായോഗികമല്ലെന്നാണ് സുപ്രീംകോടതി നിരീക്ഷിച്ചത്.

*****************************************************************************************************************

## RAJNATH SINGH

പ്രതിരോധ മേഖലയിൽ സ്വയം പര്യാപ്ത കൈവരിക്കാനുള്ള രാജ്യത്തിൻറെ ശ്രമം ദ്രുതഗതിയിൽ തുടരുകയാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഇന്നലെ ഐഐടി ഡൽഹിയിൽ നടന്ന ഇന്ത്യൻ നാഷണൽ അക്കാദമി ഓഫ് എഞ്ചിനീയറിംഗിൻറെ വാർഷിക കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരുകാലത്ത് ഇറക്കുമതി ചെയ്തിരുന്ന ആയുധങ്ങൾ നാം ഇപ്പോൾ കയറ്റുമതി ചെയ്യുകയാണെന്നും പൊതു- സ്വകാര്യ മേഖലകളുടെ കൂട്ടായ പരിശ്രമങ്ങളുടെ അംഗീകാരമാണിതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

*****************************************************************************************************************

*****************************************************************************************************************